# ഓൺലൈൻ രജിസ്ട്രേഷൻ നടത്തുന്നതിന് അപേക്ഷകനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ.

വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതിനായി അപേക്ഷ ഓൺലൈനായി സമർപ്പിക്കുന്ന പ്രക്രിയ മൂന്ന് ഘട്ടങ്ങളിലായി (3 steps) പൂർത്തിയാക്കുന്ന രീതിയിലാണ് വെബ്സൈറ്റിൽ ക്രമീകരിച്ചിരിയ്ക്കുന്നത്.

ചീഫ് ഇലക്ടറൽ ഓഫീസറുടെ "www.ceo.kerala.gov.in" എന്ന വെബ്സൈറ്റിലെ ഹോം പേജിൽ കാണുന്ന Online Application – Apply here എന്ന ലിങ്കിലോ അതേ പേജിൽ മുകളിലുള്ള E-Registration എന്ന ലിങ്കിലോ ക്ളിക്ക് ചെയ്യുമ്പോൾ അപേക്ഷ സമർപ്പിയ്ക്കുന്നതിനുള്ള ആദ്യ സ്ക്രീനിൽ എത്തുന്നതാണ്. ഇവിടെ താങ്കൾ സ്വന്തമായിട്ടാണോ (Self) അതോ BLO അല്ലെങ്കിൽ അക്ഷയ കേന്ദ്രങ്ങൾ വഴിയാണോ അപേക്ഷ സമർപ്പിക്കുന്നതെന്ന് വ്യക്തമാക്കുക. അതിനുള്ള ബട്ടണിൽ ക്ലിക്ക് ചെയ്യുക. BLO വഴിയാണെങ്കിൽ LAC നമ്പരും പോളിംഗ് സ്റ്റേഷൻ നമ്പരും ചേർന്ന 6 അക്ക നമ്പർ കോളത്തിൽ രേഖപ്പെടുത്തിയ ശേഷം Proceed എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യുക. അക്ഷയ കേന്ദ്രം വഴിയാണെങ്കിൽ അക്ഷയ കേന്ദ്രത്തിന്റെ സെന്റർ കോഡ് രേഖപ്പെടുത്തിയ ശേഷം Proceed എന്ന ബട്ടണിൽ ക്ലിക്ക് ചെയ്യുക ഇപ്പോൾ അപേക്ഷ സമർപ്പിക്കുവാനുള്ള ഒന്നാമത്തെ ഘട്ടത്തിലേയ്ക്ക് കടക്കാൻ സാധിക്കുന്നതാണ്.

## ഘട്ടം -1 (Step – 1)

താങ്കൾ ഇപ്പോൾ താമസിക്കുന്ന ജില്ല, താങ്കളുടെ ജനന തീയതി, താങ്കൾ മുൻപ് ഇലക്ഷൻ കമ്മീഷന്റെ തിരിച്ചറിയൽ കാർഡ് എടുത്തിട്ടുണ്ടോ, താങ്കൾ വിദേശത്ത് താമസിക്കുന്ന ഇന്ത്യൻ പൗരനാണോ എന്നിവയാണ് ഇവിടെ നൽകേണ്ട വിവരങ്ങൾ.

ചോദ്യങ്ങൾക്ക് നേരേ വലതുവശത്തുള്ള ഡ്രോപ്പ്ഡൗൺ ബോക്സിൽ നിന്നും ജില്ലയേയും, കലണ്ടറിന്റെ ഐക്കണിൽ നിന്നും ജനനതീയതിയും ക്ളിക്ക് ചെയ്ത് രേഖപ്പെടുത്താം. ജനന തീയതി കൃത്യമായി അറിയില്ലെങ്കിൽ "Don't know your exact DOB" എന്ന് രേഖപ്പെടുത്തിയിരിക്കുന്നതിന്റെ വലതു ഭാഗത്തുള്ള Click here -ൽ ക്ളിക്ക് ചെയ്യുമ്പോൾ തെളിയുന്ന Box –ൽ ഉദ്ദേശ പ്രായം രേഖപ്പെടുത്തുക. മറ്റ് രണ്ട് ചോദ്യങ്ങൾക്കും Yes/No തിരഞ്ഞെടുക്കാവുന്നതാണ്.

ഇത്രയും വിവരങ്ങൾ പൂരിപ്പിച്ച് കഴിഞ്ഞാൽ വെബ് പേജിന്റെ (അതേ പേജ്) വലത് വശത്ത് ഏറ്റവും അടിയിലായുള്ള 'Proceed to Step.2' എന്നതിൽ ക്ളിക്ക് ചെയ്യുക. അപ്പോൾ താങ്കൾക്ക് ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്ന പ്രക്രിയയുടെ രണ്ടാം ഘട്ടത്തിലേയ്ക്ക് കടക്കാവുന്നതാണ്.

## ഘട്ടം -2 (Step – 2)

സ്ക്രീനിൽ തെളിയുന്ന വെബ് പേജിൽ വലതു വശത്തുള്ള ഒഴിഞ്ഞ കോളത്തിൽ താങ്കളുടെ ഇപ്പോഴത്തെ താമസസ്ഥലത്തെ വോട്ടർ പട്ടികയിൽ പേര് ചേർത്തിട്ടുള്ള കുടുംബാംഗത്തിന്റേയോ, അതില്ലെങ്കിൽ തൊട്ടടുത്ത് താമസിക്കുന്ന അയൽവാസിയുടെയോ തിരിച്ചറിയൽ കാർഡിന്റെ നമ്പർ രേഖപ്പെടുത്തുക. ഇത് താങ്കളെ ഇപ്പോൾ താമസിക്കുന്ന സ്ഥലത്തെ വോട്ടർപട്ടികയിൽ ഏത് ഭാഗത്താണ് കൃത്യമായി ഉൾപ്പെടുത്തേണ്ടതെന്ന് കണ്ടെത്തുന്നതിന് അനിവാര്യമാണ്. ഇതിനു ശേഷം താങ്കൾ രേഖപ്പെടുത്തിയ തിരിച്ചറിയൽ കാർഡിന്റെ ഉടമസ്ഥനും താങ്കളുമായിട്ടുള്ള ബന്ധം (അച്ഛൻ/അമ്മ/ഭർത്താവ്/രക്ഷകർത്താവ്/ബന്ധു അല്ലെങ്കിൽ അയൽക്കാരൻ) വലതു വശത്തെ ബോക്സിൽ ക്ളിക്ക് ചെയ്ത് രേഖപ്പെടുത്തേണ്ടതാണ്. ഇനി അപേക്ഷ സമർപ്പിക്കുന്ന പ്രക്രിയയുടെ മൂന്നാം ഘട്ടത്തിലേയ്ക്ക് പ്രവേശിക്കാവുന്നതാണ്. ഇതിനായി വെബ് പേജിന്റെ വലതു വശത്ത് ഏറ്റവും അടിയിലുള്ള 'Proceed to Step.3' എന്നതിൽ ക്ളിക്ക് ചെയ്യേണ്ടതാണ്.

## ഘട്ടം -3 (Step – 3)

ഈ ഘട്ടത്തിൽ അപേക്ഷയിൽ ഇനി പറയുന്ന വിവരങ്ങൾ രേഖപ്പെടുത്താൻ ആവശ്യപ്പെടുന്നു. അവ ചേർക്കേണ്ടതെങ്ങനെയെന്നും താഴെ പറയുന്ന പട്ടികയിൽ നിന്നും മനസ്സിലാക്കാവുന്നതാണ്.

| | ആവശ്യപ്പെടുന്ന വിവരം | വിവരം രേഖപ്പെടുത്തേണ്ട ശരിയായ വിധം |
|---|---|---|
| 1 | പേര് (ഇംഗ്ളീഷിൽ) | ഒഴിഞ്ഞ ബോക്സിൽ ക്ളിക്ക് ചെയ്ത ശേഷം ടൈപ്പ് ചെയ്ത് ചേർക്കുക. |
| 2 | പേര് മലയാളത്തിൽ (Name in Malayalam) | ഒഴിഞ്ഞ ബോക്സിൽ ക്ളിക്ക് ചെയ്ത ശേഷം മലയാളത്തിൽ ടൈപ്പ് ചെയ്യുന്നതിനായി ബോക്സിന്റെ വലതു വശത്തുള്ള കീ ബോർഡിന്റെ അടയാളത്തിൽ ക്ലിക്ക് ചെയ്യുമ്പോൾ സ്ക്രീനിൽ വരുന്ന കീബോർഡിൽ (Virtual Key Board) ക്ലിക്ക് ചെയ്ത് മലയാളത്തിൽ ഡാറ്റാ എൻട്രി നടത്താവുന്നതാണ് (ടൈപ്പ് ചെയ്ത് ചേർക്കാവുന്നതാണ്). |
| 3 | New house number (പുതിയ വീട്ടു നമ്പർ) | നിങ്ങൾ ഇപ്പോൾ താമസിക്കുന്ന വീട്ടിന്റെ ഇപ്പോൾ നിലവിലുള്ള നമ്പർ. |
| 4 | വീട്ടു പേര് (House Name) | നിങ്ങൾ ഇപ്പോൾ താമസിക്കുന്ന വീട്ടിന്റെ പേര് |
| 5 | Address (മേൽവിലാസം) | നിങ്ങൾ ഇപ്പോൾ താമസിക്കുന്ന സ്ഥലത്തെ മേൽവിലാസം. |
| 6 | New Ward number (പുതിയ വാർഡ് നമ്പർ) | നിങ്ങൾ ഇപ്പോൾ താമസിക്കുന്ന സ്ഥലം ഇപ്പോൾ കോർപ്പറേഷന്റെ/ മുനിസിപ്പാലിറ്റിയുടെ/പഞ്ചായത്തിന്റെ ഏത് വാർഡിൽ ഉൾപ്പെടുന്നുവെന്ന വിവരം രേഖപ്പെടുത്തുക. |
| 7 | Period of continuous residence | ഒരു മേൽ വിലാസത്തിൽ സ്ഥിരമായി താമസമുള്ളവർക്കാണ് ആ സ്ഥലം ഉൾക്കൊള്ളുന്ന നിയ |

| | | |
|---|---|---|
| | in the present address. (ഇപ്പോഴത്തെ മേൽ വിലാസത്തിൽ എത്ര കാലമായി താമസിച്ച് വരുന്നു. | മസഭാ മണ്ഡലത്തിലെ വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതിന് അർഹതയുണ്ടായിരിക്കുകയുള്ളൂ. താങ്കൾ തുടർച്ചയായി എത്ര വർഷം എത്ര മാസമായി ടി മേൽവിലാസത്തിൽ താമസിച്ചു വരികയാണെന്ന് രേഖപ്പെടുത്തുക. |

## ഫോട്ടോ ചേർക്കൽ (Uploading of photos)

ഇതേ വെബ് പേജിന്റെ തന്നെ വലതു വശത്തുള്ള 'Upload Photo' എന്ന ലിങ്കിൽ ക്ളിക്ക് ചെയ്ത് താങ്കൾക്ക് ഫോട്ടോ ചേർക്കാവുന്നതാണ്.

### ഫോട്ടോ അപ്‌ലോഡ് ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. വെളുത്തതോ ഇളം നിറത്തിലോ ഉള്ള പശ്ചാത്തലത്തിൽ എടുത്ത ഫോട്ടോ ആയിരിക്കണം.
2. മുഖം നേരെയും പൂർണ്ണമായും ഫോട്ടോയുടെ മദ്ധ്യഭാഗത്ത് പതിഞ്ഞിരിക്കണം
3. അപേക്ഷകന്റെ മുഖവും തോൾ ഭാഗവും വ്യക്തമായി പതിഞ്ഞിരിക്കത്തക്ക വിധത്തിലുള്ള കളർ ഫോട്ടോ ആയിരിക്കണം.
4. കണ്ണുകൾ വ്യക്തമായി കാണത്തക്ക വിധത്തിലായിരിക്കണം.
5. തൊപ്പി (മതാചാരത്തിന്റെ ഭാഗമായുള്ള തൊപ്പി/ശിരോവസ്ത്രം എന്നിവയൊഴിച്ച്), കറുത്ത കണ്ണട എന്നിവ ധരിച്ച് എടുത്തതും മുഖത്തിന്റെ ഒരു വശം മാത്രം കാണത്തക്കവിധത്തിലുള്ളതും മുഖം വ്യക്തമല്ലാത്തുമായ ഫോട്ടോയോടു കൂടിയ അപേക്ഷകൾ സ്വീകാര്യമല്ല.
6. കുറഞ്ഞത് 320 പിക്സൽ നീളവും 240 പിക്സൽ വീതിയും ഉള്ളതും JPG ഫോർമാറ്റിലുള്ളതും 180KB യിൽ താഴെ ഫയൽ സൈസുള്ളതുമായ ഇമേജുകൾ മാത്രമേ അപ്‌ലോഡ് ചെയ്യപ്പെടുകയുള്ളൂ.

| **ആവശ്യപ്പെടുന്ന വിവരം** | **വിവരം രേഖപ്പെടുത്തേണ്ട ശരിയായ വിധം** |
|---|---|
| ജനന സ്ഥലം (Place of birth) | വില്ലേജിന്റെ പേര് ജില്ല, സംസ്ഥാനം എന്നിവ അതാതിന്റെ ബോക്സുകൾക്കുള്ളിൽ ടൈപ്പ് ചെയ്ത് ചേർക്കാവുന്നതാണ്. |
| Details of father/mother/husband/ relative (അച്ഛൻ/അമ്മ/ഭർത്താവ്/ബന്ധു തുടങ്ങിയവരുടെ പേര്) | താങ്കൾ (Step -2)-ൽ രേഖപ്പെടുത്തിയ തിരിച്ചറിയൽ കാർഡ് നമ്പരിന്റെ ഉടമസ്ഥൻ താങ്കളുടെ കുടുംബാംഗമാണെങ്കിൽ (അച്ഛൻ/ അമ്മ/ ഭർത്താവ്/ രക്ഷകർത്താവ്) പേര് ചേർക്കേണ്ട ഭാഗത്ത് ആ പേരും ബന്ധവും, സ്വയം രേഖപ്പെടുത്തി വരുന്നതാണ്. ഈ പേരിലോ, ബന്ധത്തിലോ തിരുത്തൽ ആവശ്യ |

| | |
|---|---|
| | മുണ്ടെങ്കിൽ ആയത് ടൈപ്പ് ചെയ്ത് രേഖപ്പെടുത്താവുന്നതാണ്. മലയാളത്തിൽ ടൈപ്പ് ചെയ്യുന്നതിനായി വലതുവശത്തുള്ള കീ-ബോർഡിന്റെ അടയാളത്തിൽ ക്ളിക്ക് ചെയ്താൽ വിർച്വൽ കീബോർഡ് ആക്ടീവ് ആകുന്നതാണ്. |
| Contact details<br>(അപേക്ഷകനെ ബന്ധപ്പെടുന്നതിനുള്ള മാർഗ്ഗങ്ങൾ | ഇവിടെ മൊബൈൽ/ലാന്റ് നമ്പരുകളും ഇ-മെയിൽ ഐഡി.യും അതാത് കോളങ്ങളിൽ ചേർക്കുക. ആധാർ നമ്പർ ലഭിച്ചിട്ടുണ്ടെങ്കിൽ അതും ചേർക്കുക. |
| How do you want to receive new electoral ID Cards<br>(തിരിച്ചറിയൽ കാർഡ് കൈപ്പറ്റുന്നതിന് താങ്കൾ ആഗ്രഹിക്കുന്ന മാർഗ്ഗം) | ബി.എൽ.ഒ. വഴിയോ, പോസ്റ്റോഫീസ് വഴിയോ, താലൂക്ക് ആഫീസിൽ നിന്ന് നേരിട്ടോ തിരിച്ചറിയൽ കാർഡ് കൈപ്പറ്റാവുന്നതാണ്. ഏത് മാർഗ്ഗമാണോ സൗകര്യപ്രദം ആയത് വലതു വശത്തുള്ള ബോക്സിൽ നിന്ന് തെരഞ്ഞെടുക്കാവുന്നതാണ്. |
| Before saving the application you must read and accept an affidavit (Click here)<br>അപേക്ഷ സേവ് ചെയ്യുന്നതിനു മുൻപ് താങ്കൾ ഈ സത്യവാങ് മൂലം വായിച്ച് സ്വീകരിക്കേണ്ടതാണ്. (ഇവിടെ ക്ളിക്ക് ചെയ്യുക) | സത്യവാങ്മൂലം താഴെ കാണാവുന്നതാണ്. |

## <u>സത്യവാങ്മൂലം</u>

(i) ഞാൻ ഒരു ഇന്ത്യൻ പൗരനാണ്.

(ii) ഞാൻ അപേക്ഷയിൽ പറഞ്ഞിരിക്കുന്ന മേൽവിലാസത്തിൽ സ്ഥിരതാമസക്കാരനാണ്.

(iii) ഞാൻ മറ്റേതെങ്കിലും നിയമസഭാ നിയോജക മണ്ഡലത്തിലെ വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതിനായി അപേക്ഷ സമർപ്പിച്ചിട്ടില്ല.

(iv) എന്റെ പേര് മറ്റേതെങ്കിലും നിയമസഭാ മണ്ഡലത്തിലെ വോട്ടർ പട്ടികയിൽ ഇതിനോടകം ഉൾപ്പെടുത്തിയിട്ടില്ല.

(v) വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതുമായോ, തിരുത്തലുകൾ വരുത്തുന്നതു സംബന്ധിച്ചോ സമർപ്പിക്കുന്ന അപേക്ഷയിൽ തെറ്റായ സത്യവാങ്മൂലം നൽകുന്നത് ജനപ്രാതിനിധ്യ നിയമത്തിലെ സെക്ഷൻ 31 പ്രകാരവും ഇന്ത്യൻ ശിക്ഷാനിയമം പ്രകാരവും (Penal Code) ശിക്ഷാർഹമായ കുറ്റമാണെന്ന് ഞാൻ മനസ്സിലാക്കുന്നു.

സത്യവാങ്മൂലം സ്വീകരിയ്ക്കുന്നുവെങ്കിൽ “I hereby confirm that I have read and accept the above affidavit”

(ഞാൻ മുകളിൽ പറഞ്ഞ സത്യവാങ് മൂലം വായിച്ച് സ്വീകരിയ്ക്കുന്നുവെന്ന് ഇതിനാൽ ഉറപ്പു പറയുന്നു). എന്ന സത്യവാങ്മൂലത്തിന്റെ ഇടത് വശത്തുള്ള ചതുരത്തിൽ ക്ളിക്ക് ചെയ്ത് ടിക് മാർക്ക് രേഖപ്പെടുത്തുക. അതിനു ശേഷം അപേക്ഷ Save ചെയ്യുന്നതിന് Save Button-ൽ ക്ളിക്ക് ചെയ്യുക. അപേക്ഷ പിൻവലിയ്ക്കുവാനാണെങ്കിൽ Cancel ബട്ടണിൽ ക്ളിക്ക് ചെയ്യുക. സേവ് ചെയ്യുമ്പോൾ താങ്കളുടെ Application number, BLO -യുടെ പേര്, ഫോൺ നമ്പർ എന്നിവ സ്ക്രീനിൽ കാണാവുന്നതാണ്. ഇവ കുറിച്ചെടുത്ത് ഭാവിയിൽ റഫറൻസിനായി സൂക്ഷിക്കുക.

അപേക്ഷയിൽ ചുവന്ന നക്ഷത്ര ചിഹ്നമിട്ടിട്ടുള്ള ഫീൽഡുകൾ (കോളങ്ങൾ) എല്ലാം നിർബന്ധമായും പൂരിപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം അപേക്ഷ സേവ് ചെയ്ത് സമർപ്പിക്കുന്നതിന് സാധിക്കുകയില്ല. ഓൺലൈൻ അപേക്ഷ സമർപ്പിക്കുമ്പോൾ ഫോട്ടോ ചേർക്കണമെന്നത് (Photo uploading) ഇപ്പോൾ നിർബന്ധമാക്കിയിട്ടില്ല. എങ്കിലും ഫോട്ടോ സാധിയ്ക്കുമെങ്കിൽ അപ്‌ലോഡ് ചെയ്യുന്നത് സൗകര്യപ്രദമായിരിക്കും.

അപേക്ഷയിൽ മലയാളത്തിൽ ഡാറ്റ ചേർക്കേണ്ട സമയത്തെല്ലാം വെബ് പേജിൽത്തന്നെ അതാത് കോളത്തിന് വലതു വശത്തായി വിർച്ചൽ കീബോർഡ് കാണാവുന്നതാണ്. ഇതിൽ ക്ളിക്ക് ചെയ്ത് മലയാളത്തിൽ ഡാറ്റാ എൻട്രി ചെയ്യാവുന്നതാണ്. മലയാളത്തിൽ ഡാറ്റാ എൻട്രി നടത്തണമെന്ന് ഇപ്പോൾ നിർബന്ധമാക്കിയിട്ടില്ല.

www.ceo.kerala.gov.in എന്ന വെബ്സൈറ്റിലെ ഹോം പേജിൽ കാണുന്ന " Special Summary Revision 2015-List of Applications" എന്ന ലിങ്കിൽ ക്ളിക്ക് ചെയ്ത് സെർച്ച് ചെയ്ത് താങ്കൾ സമർപ്പിച്ച അപേക്ഷ കാണുന്നതിനും പകർപ്പ് പ്രിന്റ് ചെയ്യുന്നതിനും അപേക്ഷയുടെ സ്ഥിതി അറിയുന്നതിനും സാധിക്കുന്നതാണ്.